# കോളേജ് വിദ്യാഭ്യാസ വകുപ്പ്
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിൽ ഈ വകുപ്പിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ സ്ഥലംമാറ്റിയും തസ്തിക മാറ്റിയും നിയമിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ സി 3/8496/2015/കോ.വി.വ. തീയതി 07.12.2015

---

പരാമർശം:- 1) 12.11.2015 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.647/15/ഉ.വി.വ.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 11.11.2015 തീയതിയിലെ സി2/1614/15 നമ്പർ സർക്കുലർ.
3) വിവിധ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അപേക്ഷകൾ.

## ഉത്തരവ്

പരാമർശം ഉത്തരവു പ്രകാരം പുതുതായി ആരംഭിച്ച മലപ്പുറം ജില്ലയിലെ താനൂർ, തവനൂർ എന്നീ സർക്കാർ കോളേജുകളിൽ ഓഫീസ് അറ്റൻഡന്റിന്റെ 2 തസ്തികകൾ വീതവും നൈറ്റ് വാച്ച്മാൻമാരുടെ ഓരോ തസ്തിക വീതവും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി ചുവടെ പേര് ചേർത്തിട്ടുള്ള ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ അവരുടെ അപേക്ഷയും സീനിയോറിറ്റിയും പരിഗണിച്ച് തസ്തിക മാറ്റി ഓഫീസ് അറ്റൻഡന്റായി പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, സ്ഥാപനം | തസ്തിക മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ. മുനീറുൽ ഇസ്ലാം. കെ<br>ടി.എം. ഗവൺമെന്റ് കോളേജ്, തിരൂർ | ഗവൺമെന്റ് കോളേജ്, താനൂർ<br>(പുതുതായി സൃഷ്ടിച്ച തസ്തിക) |
| 2. | ശ്രീ. മുനീർ യാക്കിപറമ്പൻ<br>ഗവൺമെന്റ് കോളേജ്, കൊണ്ടോട്ടി | ഗവൺമെന്റ് കോളേജ്, തവനൂർ<br>(പുതുതായി സൃഷ്ടിച്ച തസ്തിക) |
| 3. | ശ്രീ. സാജൻ. കെ<br>ഗവൺമെന്റ് കോളേജ്, മങ്കട | ഗവൺമെന്റ് കോളേജ്, മങ്കട<br>(നിലവിലുള്ള ഒഴിവ്) |
| 4. | ശ്രീ. പ്രശാന്ത്. എസ്.കെ<br>ടി.എം. ഗവൺമെന്റ് കോളേജ്, തിരൂർ | ടി.എം. ഗവൺമെന്റ് കോളേജ്, തിരൂർ<br>(നിലവിലുള്ള ഒഴിവ്) |

താഴെ പറയുന്ന സൂപ്പർ ന്യൂമററി തസ്തികയിലുള്ള ജീവനക്കാരെ അവരുടെ അപേക്ഷ പരിഗണിച്ച് സൂപ്പർ ന്യൂമററി തസ്തികയോടെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, സ്ഥാപനം | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ. മണി. കെ.പി<br>ഓഫീസ് അറ്റൻഡന്റ്<br>പി.ടി.എം. ഗവൺമെന്റ് കോളേജ്, പെരിന്തൽമണ്ണ | ഗവൺമെന്റ് കോളേജ്, തവനൂർ<br>(സൂപ്പർ ന്യൂമററി തസ്തികയോടെ സ്ഥലംമാറ്റം നൽകുന്നു) |
| 2. | ശ്രീമതി. വിജയലക്ഷ്മി. ടി.വി<br>ഓഫീസ് അറ്റൻഡന്റ്<br>ടി.എം. ഗവൺമെന്റ് കോളേജ്, തിരൂർ | ഗവൺമെന്റ് കോളേജ്, മങ്കട<br>(സൂപ്പർ ന്യൂമററി തസ്തികയോടെ സ്ഥലംമാറ്റം നൽകുന്നു) |

ഈ ഉത്തരവ് പ്രകാരം തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ പകരം സംവിധാനം ഉണ്ടാകുന്ന മുറയ്ക്ക് വിടുതൽ ചെയ്യേണ്ടതാണ്. സ്ഥലംമാറ്റം / തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരങ്ങൾ സ്ഥാപന മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
വി. വിലാസചന്ദ്രൻ നായർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1) ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
2) കരുതൽ ഫയൽ / നടപ്പു ഫയൽ

//അംഗീകാരത്തോടെ//



സൂപ്രണ്ട്

SH – 8.12.15